# ACADEMIC MASTER PLAN

2025-2026

# LMS LPS THOZHUKKAL

# PROFORMA

| | |
|---|---|
| Name of the School | : L.M.S L.P.S THOZHUKKAL |
| Municipality | : Neyyattinkara |
| School locality | : Thozhukkal |
| Block | : Athiyannoor |
| Assembly constituency | : Neyyattinkara |
| Name of AEO | : Neyyattinkara |
| Name of BRC | : Neyyattinkara |
| Name of CRC | : J.B.S Neyyattinkara |
| District | : Thiruvananthapuram |
| Educational block | : Neyyattinkara |
| Name of Headmistress | : Anitha Sheela. L |
| Phone number | : 9746595648 |
| Email id | : thozhukkallmslps@gmail.com |
| School Code | : 44428 |

# ആമുഖം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഒന്നരനൂറ്റാണ്ടോളം പഴക്കമുള്ള വിദ്യാലയമാണ് തൊഴുക്കൽ L.M.S L.P.S. തൊഴുക്കലിന്റെ സമീപ പ്രദേശങ്ങളിൽ വസിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു.

പ്രസ്തുത സ്കൂളിൽ Pre-K.G, LKG, UKG, Std 1 to 4 വരെയുള്ള കുട്ടികൾ പഠിക്കുന്നു. ഇവിടെ മുൻപ് പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ പലരും സർക്കാർ തലത്തിലും അല്ലാത്ത സ്ഥാപനങ്ങളിലും ഉന്നത സ്ഥാനങ്ങളിൽ പദവികൾ അലങ്കരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര വിദ്യാലയ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം വിവിധ മേഖലകളിൽ മികവ് പുലർത്തി വരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം വന്നതോടുകൂടി ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണത്തിലും കാലാനുഗതം കുറവ് സംഭവിച്ചു. എന്നാൽ കഴിഞ്ഞ വർഷങ്ങളിൽ അതിന് മാറ്റം വന്നു തുടങ്ങി.

P.T.A, MPTA, ക്ലബ്ബുകൾ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഭംഗിയായി നടന്നു വരുന്നു. സ്ഥിരം ജീവനക്കാരുൾപ്പെടെ പതിനൊന്നോളം പേർ ഈ സ്ഥാപനത്തെ ആശ്രയിച്ച് സേവനം ചെയ്തു വരുന്നു. സ്കൂൾ ലൈബ്രറി, പഠനസാമഗ്രികൾ, ICT പഠന സാധ്യത എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനം നാട്ടിന് വിളക്കായി ശോഭിക്കാൻ ദൈവം അനുവദിക്കട്ടെ

# പൊതുലക്ഷ്യങ്ങൾ

1. ഓരോ ക്ലാസിലും വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാക്കുക.
2. ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക.
3. മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുക.
4. ക്ലാസ് മുറികൾ ശിശു സൗഹൃദമാക്കുക.
5. ക്ലാസുമുറികൾ ICT സാധ്യതയുള്ളതാക്കുക.
6. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.
7. പഠനപിന്നാക്കം നേരിടുന്നവരെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുക.
8. വായന പരിപോഷണത്തിനായി ക്ലാസ് ലൈബ്രറി ശാക്തീകരിക്കുക.
9. വിദ്യാലയം സമൂഹവുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.
10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
11. കുട്ടിയുടെ സർവ്വതോന്മുഖമായ കഴിവുകൾ വളർത്തുക.
12. സർഗാത്മക പ്രകടനത്തിന് അവസരം ഒരുക്കുക.
13. ഗവേഷണാത്മക പഠനത്തിന് നേതൃത്വം നൽകുക.
14. ശാസ്ത്ര മൈത്രി വളർത്തിയെടുക്കുക
15. പഠനയാത്ര, ശില്പശാലകൾ, ബോധവൽക്കരണ ക്ലാസുകൾ

തുടങ്ങിയ വൈവിധ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

16. കൃഷി പ്രോത്സാഹിപ്പിക്കുക.

17. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുക, അവ ഒഴിവാക്കുക.

18. ലഹരി വസ്തുക്കളുടെ ഉപയോഗം, അവയുടെ ദോഷഫലങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരിക്കുക.

19. കായിക ക്ഷമത ഉയർത്തി വരുത്തുക.

20. ശുചിത്വ ബോധം ഉളവാക്കുക

21. സഹജീവികളോട് അനുകമ്പ ഉളവാക്കുക.

# പരിസരപഠനം

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രപഠനം

പേര് : ശാസ്ത്രോത്സവം

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക.
2. പരിസര പഠന നേട്ടങ്ങൾ ഉറപ്പാക്കുക.
3. എല്ലാ ക്ലാസുകളിലും ശാസ്ത്രമൂല ഉറപ്പാക്കുക.
4. ശാസ്ത്ര പഠനക്കിറ്റ് തയ്യാറാക്കുക.
5. ശില്പശാല സംഘടിപ്പിക്കുക.
6. ഹരിത പരിസരം ഒരുക്കുക.
7. സുരക്ഷിതമായ മാലിന്യ സംസ്കരണം
8. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കുക.
9. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അറിവുനേടുക

## പ്രവർത്തനങ്ങൾ

ശാസ്ത്രലാബ്

ലഘുപരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ ചെയ്യുന്നതിനായി അധ്യാപകരും കുട്ടികളും ചേർന്ന് ഒരു ശാസ്ത്ര ലാബ് ഒരുക്കുന്നു. പാഠഭാഗത്ത് നിർദ്ദേശിച്ചിരിക്കുന്ന

പരീക്ഷണ സാധനങ്ങളും അല്ലാത്തവയുമായവ ലാബിൽ ഒരുക്കുന്നു. അതുപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ശാസ്ത്ര കിറ്റ്

ഓരോ കുട്ടിക്കും വിവിധ ലഘു പരീക്ഷണങ്ങൾക്കാവശ്യമായ സാധനങ്ങൾ ക്രമീകരിച്ച് ശാസ്ത്രകിറ്റ് തയ്യാറാക്കുന്നു.

## നിരീക്ഷണക്കുറിപ്പുകൾ

ക്ലാസ്സിലും ലാബിൽ നടത്തിവരുന്ന പരീക്ഷണങ്ങളുടെ വസ്തുതകൾ കുറിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. വ്യക്തിപരമായി കുറിപ്പുകൾ എഴുതുന്നതിന് കുട്ടികളെ സജ്ജരാക്കുന്നു.

## ശാസ്ത്രോത്സവം

ശാസ്ത്രോത്സവം സംഘടിപ്പിക്കുന്ന ദിനത്തിൽ കുട്ടികൾ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും കണ്ടെത്തി അവതരിപ്പിക്കുന്നു. കൂടാതെ PTA, MPTA എന്നിവരുടെ സഹായത്തോടെ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നു.

മേഖല : അക്കാദമികം

അക്കാദമികം : ഗണിതം

ഉപമേഖല : ഗണിതലാബ്

പേര് : ഗണിതോത്സവം

## ലക്ഷ്യം

1, ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തുക.

2, യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുക.

3, പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കഴിവ് നേടുക.

4, കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക

5, വസ്തുതകളെ വിശകലനം ചെയ്ത് പൊതു തത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുക.

## പ്രവർത്തനങ്ങൾ

### ഗണിതക്കേളി

ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട ഗണിതകളികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഭിന്ന നിലവാരത്തിലുള്ളവരുടെ പഠനനേട്ടം ഉറപ്പാക്കുന്നു. ഗണിതപഠനം വിജ്ഞാനപ്രദവും രസകരവുമാകുന്നു

## പസിൽസ്

കുട്ടികളുടെ യുക്തി ചിന്ത വികസിപ്പിക്കുന്നതിനുവേണ്ടി കാർഡ്ബോർഡ്, ചാർട്ട് എന്നിവ ഉപയോഗിച്ച് പസിൽസ് തയാറാക്കി നടപ്പിലാക്കുന്നു.

## ഗണിത കിറ്റ്

ഗണിത കിറ്റ് - ഗണിതപഠനം വസ്തു നിഷ്ഠമാക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിക്കും ഒരു ഗണിതകിറ്റ് എന്ന ക്രമത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. ഇതിൽ കെട്ടുകൾ, സംഖ്യാമാല, സംഖ്യാകാർഡുകൾ, അബാക്കസ്, കളി നോട്ടുകൾ, സ്ഥാനവില പോക്കറ്റ് എന്നിവയെല്ലാം ക്ലാസടിസ്ഥാനത്തിൽ ക്രമീകരിച്ച് ചെയ്യുന്നു.

## ഗണിതലാബ്

സ്കൂളിൽ ഒരു ഗണിതലാബ് ഒരുക്കുന്നു. ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ക്ലോക്ക്, അബാക്കസ്, അളവു പാത്രങ്ങൾ, ത്രാസ്, നാണയങ്ങൾ, കളിനോട്ടുകൾ, ടാൻഗ്രാംസെറ്റ്, കലണ്ടർ, സംഖ്യാ റിബൺ, സോളിഡ്സ് മുതലായവ ഉപയോഗിച്ച് ഗണിത പഠനം താല്പര്യജനകമാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

## ഗണിതശില്പശാല

ഗണിതശില്പശാലയ്ക്കാവശ്യമായ വസ്തുക്കൾ S.R.G-യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. കുട്ടികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ എന്നിവരുടെ സഹായത്തോടെ ഗണിത ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ നിർമിക്കുന്നു.

## ഗണിതോത്സവം

പഠനോത്സവത്തിന്റെ ഭാഗമായി ഗണിത പഠനത്തിൽ ആർജ്ജിച്ച കാര്യങ്ങൾ അവതരിപ്പിക്കുന്നു ഉത്സവത്തിന്റെ ഭാഗമായി ഗണിത ക്വിസ്, ഗണിത പാട്ട്, ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം വീഡിയോ പ്രദർശനം മുതലായവ അവതരിപ്പിക്കുന്നു. ഗണിതവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നു. ജ്യാമിതീയ രൂപങ്ങളടങ്ങിയ കൊടി തോരണങ്ങൾ ഉപയോഗിച്ച് സ്കൂൾ അലങ്കരിക്കുന്നു.

# മലയാളം

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര് : വായന

## ലക്ഷ്യങ്ങൾ

1, കുട്ടികളുടെ മാതൃഭാഷാനിലവാരം ഉയർത്തൽ
2, വായനാശീലം വളർത്തൽ
3, മൂല്യബോധം വളർത്തുക
4, എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമായ വിധത്തിൽ മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നു ഉറപ്പു വരുത്തുക.
5, കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക.
6, സർഗാത്മ രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
7, രചനകൾ പൊതു സമൂഹവുമായി പങ്കുവയ്ക്കൽ.
8, ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക.
9, കുട്ടികൾക്കാവശ്യമായ വായനാകാർഡുകളും സാമഗ്രികളും ശേഖരിക്കലും നിർമ്മാണവും.
10, ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
11, കലാ സാഹിത്യ വേദികൾ സംഘടിപ്പിക്കുക.
12, കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കൽ.

## 1. വായന സാമഗ്രികൾ ഉറപ്പാക്കൽ

1. ക്ലാസുകളിൽ ഭാഷാപഠനത്തിന്റെ ഭാഗമായി വായന സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കി അവ ശേഖരിക്കൽ.
2. ക്ലാസ് ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ ശേഖരിക്കുന്നു
3. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ വായനക്കാർഡുകൾ തയ്യാറാക്കുന്നു.
4. വായനമൂല മെച്ചപ്പെടുത്തൽ.
5. വായനയ്ക്കുള്ള സാമഗ്രികൾ - ശില്പശാലയിൽ തയ്യാറാക്കുന്നു.
6. ബാലസാഹിത്യമാസികകൾ, കളിക്കുടുക്ക, പത്രം, ഡൈജസ്റ്റ് എന്നിവ ശേഖരിക്കൽ.

## മികച്ച രചനകൾ ഒരുക്കൽ

1. പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറിയിൽ നടക്കേണ്ട രചനാപ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ നടത്തുന്നു.
2. സർഗാത്മക രചനാ സാധ്യതകൾ അതാതു ക്ലാസിലെ അധ്യാപകർ ലിസ്റ്റ് ചെയ്യൽ, ക്ലാസ്മുറിയിൽ പ്രയോഗിക്കൽ.
3. രചനകൾ ചേർത്ത് പതിപ്പാക്കൽ, പതിപ്പുകൾ പ്രദർശിപ്പിക്കുന്നു.
4. SRG, PTA, കുട്ടികൾ എന്നിവർക്ക് വായിക്കുന്നതിന് അവസരം ഒരുക്കൽ.
5. വിലയിരുത്തൽ, മികവ് - പോരായ്മകൾ - ചർച്ച.
6. S.R.G-യിൽ ചർച്ച - പ്രശ്ന പരിഹാരത്തിനായി കൂടുതൽ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നു.
7. തുടർ പ്രവർത്തന പരിപാടികൾ ആസൂത്രണം.

## ബാലസഭ

* ബാലസഭയിലെ അംഗങ്ങൾ ഒന്നിച്ചുകൂടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ
* ക്ലാസ് മുറികളിൽ രൂപപ്പെട്ട പ്രകടിത രൂപങ്ങളുടെ അവതരണം.
* തെറ്റുകൾ തിരുത്തി മാറ്റം വരുത്തുന്നു.
* ചുമതലകൾ കുട്ടികൾക്കായി നൽകുന്നു.
* പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.
* പ്രവർത്തനങ്ങളിലെ മികവുകൾ, പോരായ്മകൾ എന്നിവ വിലയിരുത്തി ചർച്ച നടത്തുന്നു.

## സർഗചുവർ

* കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ [കഥ, കവിത, ചിത്രങ്ങൾ, മുതലായവ] പ്രദർശിപ്പിക്കുന്നതിനുള്ള അവസരം.
* പ്രദർശിപ്പിച്ച രചനകളെ സംബന്ധിച്ച് അഭിപ്രായങ്ങൾ, മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾ എന്നിവയ്ക്കായുള്ള. അവസരങ്ങൾ ഒരുക്കൽ.
* ക്ലാസ്മുറികളിൽ സൃഷ്ടികൾ പ്രദർശിപ്പിക്കാനുള്ള അവസരം

## സാഹിത്യ സമാജം

* സാഹിത്യാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി സമാജം രൂപീകരിക്കുന്നു.
* സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും വീഡിയോ പ്രദർശനത്തിലൂടെ പരിചയപ്പെടുത്തുന്നു.

# ENGLISH

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപോഷണം

ലക്ഷ്യം : എല്ലാ വിദ്യാർത്ഥികളും ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി ആർജിക്കൽ

## പ്രീ-ടെസ്റ്റ്

ഇംഗ്ലീഷ് പഠനനിലവാരം കുട്ടികളിൽ എത്രത്തോളമാണെന്ന് കണ്ടെത്തുന്നതിന് Pre-test നടത്തുന്നു. മികവും പരിമിതിയും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പാക്കേജ് തയ്യാറാക്കുന്നു.

## സ്പോക്കൺ ഇംഗ്ലീഷ്

* പൂർവ്വ വിദ്യാർത്ഥികളെയും വിദഗ്ദരായ അധ്യാപകരെക്കൊണ്ടും സ്കൂൾ തലത്തിൽ പരിശീലനം നൽകുന്നു.
* വീടുകളിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* മാതാ- പിതാ സംഗമ ക്ലാസ്

## English Assembly

ആഴ്ചയിലെ നിശ്ചയിച്ച ദിവസങ്ങളിൽ ഇംഗ്ലീഷ് അസംബ്ലി ക്രമീകരിക്കുന്നു. Prayer Song, Quiz, News reading, Announcement etc മുതലായവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

## English Diary

ആശയങ്ങൾ ചെറിയ വാചകങ്ങളിൽ പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നു. തുടർച്ചയായ പരിശീലനം നൽകി പൊതുപ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നു.

## ഇംഗ്ലീഷ് ശില്പശാല

സ്കൂൾതലത്തിൽ English Carnival നടത്തുന്നു. ക്ലാസ്സുതല ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു.

# JUNE 2025

| തീയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 2 | പ്രവേശനോത്സവം | 1. പൊതു സമ്മേളനം<br>2. ആദരിക്കൽ<br>3. പഠനസാമഗ്രികൾ വിതരണം<br>4. കലാപരിപാടികൾ. | ജൂൺ to മാർച്ച് | അനിത ടീച്ചർ |
| 5 | പരിസ്ഥിതി ദിനം.<br>തുടർപ്രവർത്തനം<br>· കൃഷി | 1. സന്ദേശം<br>2. വൃക്ഷത്തൈ നടൽ<br>3. പോസ്റ്റർ നിർമ്മാണം<br>4. ക്വിസ്, പ്രസംഗമത്സരം<br>5. ബോധവത്കരണം<br>6. പച്ചക്കറിത്തോട്ടം<br>7. പച്ചക്കറി വിത്ത് തൈ നടൽ<br>8. അരുവികളുടെ സംരക്ഷണം | | |

| | | | | |
|---|---|---|---|---|
| 6,13,20,27 | S.R.G | പഠന പ്രവർത്തനങ്ങൾ, ആസൂത്രണം, ദിനാചരണങ്ങൾ, ചർച്ച, | | അജിൻ സർ |
| 12 | | അക്ഷരബോധനം, അടയാളങ്ങൾ വായനാകാർഡ് വിതരണം | | അജിൻ സർ |
| 19 | വായന ദിനം | അനുസ്മരണം ലൈബ്രറി സന്ദർശനം, കവിതകൾ, ക്വിസ്, സാഹിത്യകാരെ പരിചയപ്പെടൽ, അമ്മ വായന കുറിപ്പ് തയ്യാറാക്കൽ, പുസ്തക പ്രദർശനം, പുസ്തക വിതരണം, പുസ്തകം തയ്യാറാക്കൽ. | | അജിൻ സർ |

| | | | | |
|---|---|---|---|---|
| 21 | യോഗാദിനം | പ്രയാണം<br>വിതരണം<br>വീഡിയോ പ്രദർശനം | | അനിത ടീച്ചർ |
| 26 | ലഹരി വിരുദ്ധ ദിനം | ബോധവൽക്കരണം<br>പോസ്റ്റർ | | അജിൻ സർ |
| 30 | SRG | വിലയിരുത്തൽ | | അജിൻ സർ |

# JULY 2025

| തീയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|---|
| 4,11,18, 25 | S.R.G യോഗം | വിലയിരുത്തൽ, ആസൂത്രണം | ജൂലൈ to മാർച്ച് | അജിൻ സർ |
| 4 | ഗാന്ധിദർശൻ club ഉദ്ഘാടനം | | | |
| 1,2,3,4,7 | യൂണിറ്റ് ടെസ്റ്റ് | ക്രമമായ വിലയിരുത്തൽ നിരന്തര മൂല്യനിർണ്ണയം | | അനിത ടീച്ചർ |
| 8 | ഗണിതോത്സവം | സംഖ്യാബോധം, സാമഗ്രികൾ, നിർമ്മാണം | | രാജുമോൻ സർ |
| 10 | ലൈബ്രറി നവീകരണം | ക്ലാസ് ലൈബ്രറി ശാക്തീകരണം പുസ്തക ശേഖരണം, വിതരണം, കുറിപ്പ് തയ്യാറാക്കൽ | | ഷേർളി ടീച്ചർ |
| 10 | വിദ്യാരംഗം club ഉദ്ഘാടനം | | | |
| 11 | ജനസംഖ്യാ ദിനം | സന്ദേശം, ബോധവൽക്കരണം | | രാജുമോൻ സർ |
| 14 | ക്ലബ്ബ് | വിവിധ ക്ലബ്ബുകളുടെ രൂപീകരണവും ചുമതല നിർവ്വഹണം | | അജിൻ സർ |

| | | | | |
|---|---|---|---|---|
| 19 | മലയാള വായന ദിനം (19) | അക്ഷരക്കാർഡ് നിർമ്മാണം<br>വാക്യങ്ങൾ നിർമ്മാണം<br>വാചക നിർമ്മാണം<br>പുസ്തക വിതരണം<br>പുസ്തക പ്രദർശനം<br>ലൈബ്രറി സന്ദർശനം | | രാജുമോൻ സർ |
| 21 | ചാന്ദ്രദിനം | വീഡിയോ പ്രദർശനം, ക്വിസ്<br>നോട്ട് നിർമ്മാണം<br>ചന്ദ്രനെ പരിചയപ്പെടൽ | | അജിൻ സർ |
| 25 | CPTA, PTA | ചർച്ച. പഠനപ്രവർത്തനങ്ങൾ<br>ഓണം സ്വാതന്ത്ര്യദിനാഘോഷം | | അനിത ടീച്ചർ |

# AUGUST 2025

| തീയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | മലയാളത്തിളക്കം | അക്ഷരജ്ഞാനം ഉറപ്പിക്കൽ | ആഗസ്റ്റ് to മാർച്ച് | അജ്ലിൻ സർ |
| 6 | ഹിരോഷിമ ദിനം | | | |
| 7 | ഉണർവ് ചിന്ത | സന്ദേശം, വീഡിയോ പ്രദർശനം | | ,, |
| 9 | ക്വിറ്റ് ഇന്ത്യാദിനം നാഗസാക്കി ദിനം | വിവരണം, അറിവ് പകരൽ വീഡിയോ പ്രദർശനം, നേതാക്കളെ പരിചയപ്പെടൽ | | ഷേർളി ടീച്ചർ |
| 15 | സ്വാതന്ത്ര്യ ദിനം | പതാക നിർമ്മാണം, റാലി, പ്രസംഗം, വീഡിയോ പ്രദർശനം, ക്വിസ്, പതാക ഉയർത്തൽ മധുരം വിതരണം. | | അനിത ടീച്ചർ |
| 1, 8, 15, 22, 29 | S.R.G | | | |
| 29 | ഓണാഘോഷം | വിലയിരുത്തൽ. മാവേലി, ഓണസദ്യ, അത്തപ്പൂക്കളം | | അജ്ലിൻ സർ |

# SEPTEMBER 2025

| തിയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 10 | ലോക സാക്ഷരതാ ദിനം | അക്ഷരവേദന ക്ലാസ് | സെപ്റ്റംബർ to മാർച്ച് | അജ്ഞിൻ സർ |
| 16 | ഓസോൺ ദിനം | വീഡിയോ പ്രദർശനം, പ്രയാസം, വിവരണം. | | അനിത ടീച്ചർ |
| 22 | ലോക സമാധാന ദിനം(21) | സന്ദേശം, വിവരണം, വീഡിയോ പ്രദർശനം. | | പേർളി ടീച്ചർ |
| 26 | ലോക ബധിര ദിനം | സന്ദേശം, ബോധവൽക്കരണം. | | ,, |
| 30 | ലഘു ഗണിത പരിശീലനം | ലഘു ഗണിത പരിശീലനം | | രാജുമോൻ സർ |
| 12, 19, 16 | S.R.G | വിലയിരുത്തൽ, ആസൂത്രണം | | അജ്ഞിൻ സർ |

# OCTOBER 2025

| തീയതി | ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 3,10,17, 24, 11 | S.R.G | വിലയിരുത്തൽ, ആസൂത്രണം | ഒക്ടോബർ to മാർച്ച് | അജിൻ സർ |
| 2 | ഗാന്ധി ജയന്തി ശുചീകരണ ദിനം | അനുസ്മരണം, പുഷ്പാർച്ചന, സന്ദേശം, ക്വിസ്, വേഷം ബോധവൽക്കരണം, വീഡിയോ പ്രദർശനം, സംവാദം. | | അനിത ടീച്ചർ<br>" |
| 15 | കൈകഴുകൽ ദിനം | ബോധവൽക്കരണം, പരിശീലനം, പ്രയോഗം. | | " |
| 16 | ലോക ഭക്ഷ്യദിനം | സന്ദേശം, വീഡിയോ പ്രദർശനം, ബോധവൽക്കരണം. | | രഞ്ജൻ സർ |
| 24 | ഐക്യരാഷ്ട്ര ദിനം | സന്ദേശം, വീഡിയോ പ്രദർശനം പ്രയോഗം | | അജിൻ സർ |
| 30 | Dr. ഹോമി. ജെ. ഭാഭ ജന്മദിനം | വീഡിയോ പ്രദർശനം | | ഷേർളി ടീച്ചർ. |

# NOVEMBER 2025

| തിയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 7,14, 21, 28 | S.R.G | വിലയിരുത്തൽ ആസൂത്രണം | നവംബർ to മാർച്ച് | താജ്ജിൻ സർ |
| 7 | C.V. രാമൻ ജന്മദിനം | സന്ദേശം, വീഡിയോ പ്രദർശനം | | 〃 |
| 11 | ദേശീയ വിദ്യാഭ്യാസ ദിനം | സന്ദേശം | | അനിത ടീച്ചർ |
| 14 | ശിശുദിനം | അനുസ്മരണം, റാലി, ചാച്ചാജി സന്ദേശം, മധുരം വിതരണം, തൊപ്പി നിർമ്മാണം, വിവിധ മത്സരങ്ങൾ | | രാജേന്ദ്രൻ സർ |
| 21 | മലയാളവൽക്കരണം | അക്ഷരക്കാർഡ് വിതരണം വായന, എഴുത്ത്, വിതരണം | | താജ്ജിൻ സർ |
| 26,27,28 | യൂണിറ്റ് ടെസ്റ്റ് | | | |

# DECEMBER 2025

| തിയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| ~~5,12,19~~ 5,12,19 | S.R.G | വിലയിരുത്തൽ, ആസൂത്രണം | ഡിസംബർ to മാർച്ച് | അജിൻ സർ |
| 3 | ലോക ഭിന്നശേഷി ദിനം | ബോധവത്കരണം, സന്ദേശം | | രാജേന്ദ്രൻ സർ |
| 10 | മനുഷ്യാവകാശ ദിനം | ചർച്ച, സ്ലോഗൻസ്, ബോധവത്കരണം | | ,, |
| 16 | English day | Script, conversation, Reading, writing | | ഷേർളി ടീച്ചർ |
| 22 | ശ്രീനിവാസ രാമാനുജൻ ജന്മദിനം. | സന്ദേശം, വീഡിയോ പ്രദർശനം | | അജിൻ സർ |
| 25 | ക്രിസ്തുമസ് | ക്രിസ്തുമസ് ട്രീ, കരോൾ, കേക്ക് വിതരണം, ക്രിസ്തുമസ് സന്ദേശം | | അനിത ടീച്ചർ |

# JANUARY 2026

| തിയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 2, 9, 16, 23, 30 | S.R.G | വിലയിരുത്തൽ, ആസൂത്രണം | ജനുവരി to മാർച്ച് | അജിൻ സർ |
| 3 | ഗലീലിയോ ദിനം | സന്ദേശം, വീഡിയോ പ്രദർശനം | | ജ്ഞാനേന്ദ്രൻ സർ |
| 11 | ചന്ദ്ര വിസ്മയം | | | " |
| 19 | സ്കൂൾതല ശാസ്ത്രോത്സവം | | | അനിത ടീച്ചർ |
| 26 | റിപ്പബ്ലിക് ദിനം | പതാക ഉയർത്തൽ, പ്രസംഗം, സന്ദേശം, ചർച്ച | | " |
| 30 | രക്തസാക്ഷിദിനം | അനുസ്മരണം<br>വീഡിയോ പ്രദർശനം | | അജിൻ സർ |

# FEBRUARY 2026

| തീയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 4 | Food Fest | | ഫെബ്രുവരി to മാർച്ച് | അജിൽ സർ |
| 6, 13, 20, 27 | S.R.G | വിലയിരുത്തൽ, ആസൂത്രണം | | " |
| 3, 10, 17 | ഫീൽഡ് വിസിറ്റ് | ഭവന സന്ദർശനം, പഠന പ്രവർത്തനങ്ങൾ ലഘു നോട്ടീസ് | | രാജേന്ദ്രൻ സർ |
| 20,27. | ശാസ്ത്ര ദിനം ഗണിതശാസ്ത്രം | ലഘു പരീക്ഷണങ്ങൾ മാതൃകകൾ, സംഖ്യാബോധനം, ചതുഷ്ക്രിയകൾ | | " |
| 28 | ശാസ്ത്രാഭിരുചി ദിനം | ലഘു പരീക്ഷണങ്ങൾ അന്വേഷണം ശാസ്ത്ര സാമഗ്രികൾ | 27-02-2026 | അനിത ടീച്ചർ |

# MARCH 2026

| തീയതി | ലക്ഷ്യങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 6, 13, 20, 27 | S.R.G | വിലയിരുത്തൽ, ആസൂത്രണം | മാർച്ച് | അജിൻ സർ |
| 14 | ഐൻസ്റ്റീൻ ജന്മദിനം | വീഡിയോ പ്രദർശനം. | | " |
| 21 | ലോക വനവൽക്കരണ ദിനം | ബോധവൽക്കരണം | 20-3-26 | രാജേന്ദ്രൻ സർ |
| 22 | ലോക ജലദിനം | സന്ദേശം, ബോധവൽക്കരണം വീഡിയോ പ്രദർശനം | 23-3-26 | " |
| 23 | കാലാവസ്ഥ ദിനം | സന്ദേശം, വീഡിയോ പ്രദർശനം | 23-3-26 | " |
| 3, 10, 17, 24 | ഫീൽഡ് വിസിറ്റ് . | ഭവന സന്ദർശനം | | " |
| | April May | നിശ്ചിത ദിനങ്ങളിൽ ഭവന സന്ദർശനം, തുടർപ്രവർത്തനങ്ങൾ | | അനിത ടീച്ചർ. |